(c) The Managers will not be put to financial difficulties on account of the delay on the part of the Department.

(d) Prompt and early steps are being taken to reimburse the managements.

എൻ. ഇ. എസ്സ്. ബ്ലോക്കുകൾ.

* 188. [80] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തിൽ പുതുതായി എൻ. ഇ. എസ്സ്. ബ്ലോക്കുകൾ ആരംഭിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പാലോട്ട് നിയോജകമണ്ഡലത്തിലും ഒരു ബ്ലോക്ക് തുടങ്ങുവാൻ ഗവണ്മെന്റ് ശ്രദ്ധിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്.

(ബി) 1. നെന്മാറ.
2. ആയ്യാട്ട്.
3. റാന്നി.
4. ചങ്ങനാശ്ശേരി.
5. കഴക്കൂട്ടം.

(സി) ഈ വർഷം കൂടുതൽ ബ്ലോക്കുകൾ പ്ലാനിംഗ് കമ്മീഷൻ അനുവദിച്ചു തരുമെന്ന് പ്രതീക്ഷിക്കുന്നില്ല. രണ്ടാം പഞ്ചവത്സരപദ്ധതി പൂർത്തിയാകുന്നതോടെ സംസ്ഥാനത്തു് മുഴുവനും എൻ. ഇ. എസ്സ്. വ്യാപിപ്പിക്കണമെന്നാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നതു്.

പാലോട്ട് പ്രദേശവും എൻ. ഇ. എസ്സിൽ ഉൾപ്പെട്ട വരും.

അദ്ധ്യാപകന്മാരുടെ സ്ഥലംമാറ്റം.

* 189. [81] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപകന്മാരെ സ്ഥലം മാറ്റുന്നതു് സംബന്ധിച്ചു് ഗവണ്മെന്റിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(ബി) നെടുമങ്ങാട് താലൂക്കിലെ വിവിധ സ്കൂളുകളിലായി വിദേശീയരായ അദ്ധ്യാപകർ നാലും അഞ്ചും കൊല്ലങ്ങളായി സ്ഥലം മാറ്റം കിട്ടാതെ വിഷമിച്ചു് വരുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി വേണ്ട സത്വരനടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly